# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5770 — 03.11.2016 -ലെ മറുപടിയ്ക്ക്

**<u>കിണറുകളുടെ നിർമ്മാണം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. അനിൽ അക്കര<br>ശ്രീ.ഷാഫി പറമ്പിൽ | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് കിണറുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിവരിക്കുമോ; | എ) | സംസ്ഥാനത്ത് കുഴൽകിണർ നിർമ്മാണത്തിന്റെ നോഡൽ ഏജൻസിയായി ഭൂജല വകുപ്പ് പ്രവർത്തിക്കുന്നു. പൊതുജനങ്ങളുടെ അപേക്ഷ പരിഗണിച്ച് കുടിവെള്ളത്തിനും, കാർഷിക ആവശ്യത്തിന് സബ്സിഡി നിരക്കിലും ഭൂജല വകുപ്പ് കുഴൽക്കിണർ നിർമ്മാണം നടത്തിവരുന്നു. കൂടാതെ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അപേക്ഷ പരിഗണിച്ച് ഡെപ്പോസിറ്റ് വർക്കായും, എം.എൽ.എ ഫണ്ട്, എം.പി.ഫണ്ട് ഉപയോഗിച്ചും, സർക്കാർ - ഇതര സ്ഥാപനങ്ങളുടെ അപേക്ഷയിൻ മേലും, വരൾച്ചാ ദുരിതാശ്വാസ പദ്ധതികളിൻമേൽ ജനപ്രതിനിധികളുടെ അപേക്ഷ പരിഗണിച്ചും ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് ഫീസിബിലിറ്റി സ്റ്റഡി നടത്തി പുതിയ കുടിവെള്ള പദ്ധതികളും നടപ്പിലാക്കുന്നു. |
| ബി) | കുടിവെള്ള ദൗർലഭ്യത്തിന് ഇത് എത്ര മാത്രം പ്രയോജനപ്പെടുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | ബി) | കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ഭൂജലവകുപ്പ് കുഴൽക്കിണറുകൾ കുഴിയ്ക്കുകയും ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. ഇത്തരം പദ്ധതികൾ കുടിവെള്ള ദൗർലഭ്യത്തിന് വളരെയധികം പ്രയോജനപ്രദമാണ്.<br>മലയോര പ്രദേശങ്ങളിലും, തുറന്ന കിണറുകൾ വറ്റുന്ന സ്ഥലങ്ങളിലും, മറ്റു കുടിവെള്ള പദ്ധതികൾ ഇല്ലാത്ത പ്രദേശങ്ങളിലും ഭൂജല വകുപ്പ് കുഴൽക്കിണറുകൾ നിർമ്മിച്ച് ചെറുകിട കുടിവെള്ള പദ്ധതികൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപ്പിലാക്കി വരുന്നു. കുഴൽക്കിണർ / ട്യൂബ് വെൽ നിർമ്മിച്ച് 50 മുതൽ 100 വരെ കുടുംബങ്ങൾക്ക് ഗുണപ്രദമാകുന്ന ജലവിതരണ പദ്ധതികളാണ് നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| സി) | എത്ര കിണറുകൾക്കാണ് ശാസ്ത്രീയമായി സ്ഥാന നിർണ്ണയം നടത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം? | സി) | 2016-2017 സാമ്പത്തിക വർഷത്തിൽ ഇതുവരെ 3200 കിണറുകൾക്ക് ശാസ്ത്രീയമായി സ്ഥാനനിർണ്ണയം നടത്തിയിട്ടുണ്ട്.<br>തുറന്ന കിണറുകൾ - 428<br>കുഴൽ കിണറുകൾ - 2772 |

സെക്ഷൻ ഓഫീസർ